**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3573** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഓപ്പൺ യൂണിവേഴ്സിറ്റി പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ഥാപിച്ച ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് 2(F)ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേണിംഗിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി UGCയിൽ നിന്നും ലഭിച്ചിട്ടുണ്ട്.<br><br>താഴെ പറയുന്ന പ്രോഗ്രാമുകൾ 2022-23അക്കാദമിക വർഷം തുടങ്ങുന്നതിനുള്ള അനുമതി UGC/DEB യിൽ നിന്നും ഒക്ടോബർ മാസം ലഭ്യമായി.<br><br>UG Programmes<br><br>1. Arabic (B.A)<br>2. English (B.A)<br>3. Hindi (B.A)<br>4. Malayalam (B.A)<br>5. Sanskrit (B.A)<br><br>PG Programmes<br><br>1. English (M.A)<br>2. Malayalam (M.A)<br><br>ഈ കോഴ്സുകളിലേക്ക് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കി പഠനം തുടങ്ങിയിട്ടുണ്ട്. School of Languages, School of Humanities and Social Science, School of Law and Business Studies, School of Communication and Information Science എന്നീ പഠന വകുപ്പുകളിൽ മേധാവികളെ നിയമിച്ചിട്ടുണ്ട്. നാല് പ്രാദേശിക കേന്ദ്രങ്ങളിലേക്കും ഡയറക്ടർമാരെ നിയമിച്ചു.<br><br>സർവകലാശാലയുടെ അപ്പീൽ പരിഗണിച്ച് താഴെ പറയുന്ന 4 UG, 2 PG പ്രോഗ്രാമുകൾക്ക് കൂടി അംഗീകാരം നൽകുവാൻ UGC Standing Appellate Committee-യുടെ ശുപാർശ ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | <u>UG Programmes</u><br><br>1. History (B.A)<br>2. Sociology (B.A)<br>3. Philosophy (B.A)<br>4. Economics (B.A)<br><br><u>PG Programmes</u><br><br>1. History (M.A)<br>2. Sociology (M.A)<br><br>ഈ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ നടപടികൾ ആരംഭിച്ചു. |
| (ബി) | പ്രസ്തുത യൂണിവേഴ്സിറ്റിയിൽ ഇനി ഏതെല്ലാം കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം ലഭിക്കാനുണ്ട്; വിശദമാക്കാമോ; | (ബി) | ഇനി ബി.കോം, ബി.സി.എ, ബി.ബി.എ, എം.കോം കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാനുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) | പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടില്ല. |
| (ഡി) | യൂണിവേഴ്സിറ്റി ആരംഭിച്ചതുമുതൽ എത്ര രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | ഓപ്പൺ സർവകലാശാല പ്രവർത്തനം തുടങ്ങി നാളിതുവരെ ആകെ 2,23,89,336/- രൂപ (രണ്ടുകോടി ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തൊൻപതിനായിരത്തി മുന്നൂറ്റി മുപ്പത്താറ് രൂപ മാത്രം) വരുമാനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ